# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1949</u> <u>04.10.2011-ൽ മറുപടിയ്ക്ക്</u>

### <u>പൊതുസർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂൾ</u>

| | <u>ചോദ്യം</u><br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. റ്റി. യു. കുരുവിള | | <u>ഉത്തരം</u><br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>ബഹു: വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമവികസന വകുപ്പുകളിൽ പൊതു സർവ്വീസ് രൂപീകരിക്കുന്ന തീരുമാനം പരിഗണനയിലുണ്ടോ; | (എ) യും (ബി) യും | 02/04/2011 മുതൽക്ക് പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത് , ഗ്രാമ വികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകികൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ നയം വ്യക്തമാക്കാമോ; | | |
| (സി) | പൊതുസർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് സ്പെഷ്യൽ റൂൾ എന്നേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ; | (സി) | പൊതു സർവ്വീസിന് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | മുനിസിപ്പൽ കോർപ്പറേഷനിൽ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് മാനദണ്ഡം രൂപീകരിച്ചപ്പോൾ ഡെപ്യൂട്ടേഷൻ സർവ്വീസിലുള്ളവരെ ഔട്ട് സൈഡ് സർവ്വീസായി പരിഗണിച്ച് അവർക്കും ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗിന് മുൻഗണന നൽകുമോ; | (ഡി) | ഇല്ല |
| (ഇ) | ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗിനുള്ള മാനദണ്ഡം പരിഷ്ക്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ